ശരണ്യ തൊഴിൽ പദ്ധതി

170 (6875) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(ബി) ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് പദ്ധതിവഴി ലഭ്യമാകുന്നത് ; വിശദമാക്കുമോ ;

(ഡി) ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന അശരണരായ തൊഴിൽരഹിതരായ വനിതകളെ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും ആയതിന് ധനസഹായം നൽകുകയുമാണ് ശരണ്യ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീ ശാക്തീകരണവും തൊഴിലില്ലായ്മയും ഒരു പരിധിവരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതി പ്രകാരം നിലവിൽ 14 ജില്ലകളിലായി 5000 ത്തോളം വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18-നും 55നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ/ ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ട്.

(സി) ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പയാണ് പദ്ധതി പ്രകാരം നൽകുന്നത്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ടിന് അനുസരിച്ച് ഒരു പദ്ധതിക്ക് പരമാവധി 50,000 രൂപ വരെയാണ് സാധാരണ ഗതിയിൽ വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് വിലയിരുത്തി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരുലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50% അതായത് പരമാവധി 25,000 രൂപ (ഇരുപത്തയ്യായിരം രൂപ)വരെ സബ്സിഡിയായി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നു. 50,000 രൂപ വരെ പലിശ രഹിത വായ്പയാണ് നൽകുന്നത്. 50,000 രൂപയ്ക്കുമേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% പലിശ (പ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്ക് മേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ധനസഹായത്തിന് പരിഗണിച്ചവർക്ക് സൗജന്യമായി Rural Self Employment Training Institute (RSETI) വഴി സംരംഭകത്വ വികസന പരിശീലനം നൽകുന്നു. കൂടാതെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി പ്രവർത്തിക്കുന്ന സ്വയംതൊഴിൽ യൂണിറ്റുകൾവഴി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

(ഡി) മുൻ സാമ്പത്തിക വർഷങ്ങളിൽ സ്വീകരിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ അടിയന്തരമായി പദ്ധതി പ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യുന്നതിനായി ജില്ലാതല സമിതിക്ക് സമർപ്പിക്കുവാൻ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കൾക്ക് ഓരോ ജില്ലയിലെയും ബാങ്കുകളുമായി ബന്ധപ്പെട്ട RSETI (Rural Self Employment Training Institute) വഴി സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു.

വ്യവസായ തൊഴിലാളികളുടെ അധിക ക്ഷാമബത്ത

171 (6876). ശ്രീ. സി. ദിവാകരൻ :
ശ്രീ. പിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ തൊഴിലാളികൾക്ക് നൽകേണ്ട അധിക ക്ഷാമബത്ത നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു മാസത്തിനുള്ളിൽ പുതുക്കിയ ക്ഷാമബത്ത പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുണ്ടായിട്ടുണ്ടോ ; മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലാളികൾക്ക് വർദ്ധിക്കേണ്ട അധിക ക്ഷാമബത്ത സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&സി) വേരിയബിൾ ഡി.എ. ആയതിനാൽ അധിക ഡി.എ.-ക്ക് പ്രസക്തി ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly